ലിസ്റ്റിൽ എത്രാമതായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഈ ലിസ്റ്റിൽ ഏതുവരെ നമ്പരിലുള്ള പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞുവെന്ന് അറിയിക്കാമോ;

(ബി) ഈ പ്രദേശത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പോത്തൻകോട് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ പോത്തൻകോടിന് ആറാം സ്ഥാനമാണുള്ളത്. പ്രസ്തുത ലിസ്റ്റിലുള്ള ആര്യങ്കോട് എന്ന സ്ഥലത്തുമാത്രമേ പുതിയ പോലീസ് സ്റ്റേഷൻ അനുവദിച്ച് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളൂ.

(ബി) ഇതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുവാൻ തിരുവനന്തപുരം റൂറൽ പോലീസ് സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കടയ്ക്കാവൂർ തുണ്ടുവിള വീട്ടിൽ പ്രദീപിന്റെ തിരോധാനത്തെക്കുറിച്ച് അന്വേഷണം

169 [3136] *ശ്രീ. സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടയ്ക്കാവൂർ തുണ്ടുവിള വീട്ടിൽ പ്രദീപിനെ ദുരൂഹസാഹചര്യത്തിൽ കുവൈറ്റിൽനിന്നും കാണാതായതുസംബന്ധിച്ച് ശ്രീമതി സുധ, ആർ., അങ്ങത്ത വീട്, വക്കം നോർക്ക വകുപ്പിന് പരാതി നൽകിയിരുന്നോ;

(ബി) പരാതിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രദീപിന്റെ കുവൈറ്റിലെ സ്പോൺസറായ അർദിയ എന്ന സ്ഥലത്തെ മൺസൂറിനെ കുവൈറ്റിലെ ഇന്ത്യൻ എംബസ്സി മുഖേന നേരിട്ട് ചോദ്യം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി സുധ നോർക്ക വകുപ്പിന് നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ശ്രീ. പ്രദീപിന്റെ തിരോധാനം കഴിഞ്ഞ് ഒരു വർഷം പിന്നിട്ട അവസ്ഥയിൽ ഇതുസംബന്ധിച്ച് ഫലപ്രദമായി നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) & (ബി) കുവൈറ്റിൽനിന്നും ദുരൂഹസാഹചര്യത്തിൽ കാണാതായ ശ്രീ. പ്രദീപിനെ കണ്ടുപിടിക്കണമെന്നാവശ്യപ്പെട്ട് മാതാവ് ശ്രീമതി സുലോചന, ഭാര്യ ശ്രീമതി സുധ എന്നിവർ നോർക്ക വകുപ്പിന് പരാതികൾ നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതനുസരിച്ച് ടിയാനെ കണ്ടുപിടിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കുവൈറ്റിലെ ഇന്ത്യൻ എംബസ്സിയോട് ആവശ്യപ്പെട്ടിരുന്നു. ഇതിന് മറുപടിയായി ശ്രീ. പ്രദീപ് 1-7-2004-ൽ അൽ-സാൽമി ചെക്ക് പോസ്റ്റ്വഴി കുവൈറ്റ് വിട്ടതായി കുവൈറ്റിലെ ഇന്ത്യൻ എംബസ്സി 10-2-2005-ൽ അറിയിക്കുകയുണ്ടായി. ഈ വിവരം ശ്രീമതി സുലോചനയെ യഥാസമയം നോർക്ക വകുപ്പ് അറിയിച്ചിട്ടുള്ളതാണ്.

(സി) & (ഡി) ശ്രീ. പ്രദീപിന്റെ ഭാര്യ ശ്രീമതി സുധ ഇതു സംബന്ധിച്ച് 29-6-2005-ലും 20-7-2005-ലും പരാതികൾ നോർക്ക വകുപ്പിന് നൽകുകയുണ്ടായി. ടി പരാതിയുടെ പകർപ്പുകൾ യഥാസമയംതന്നെ കുവൈറ്റിലെ ഇന്ത്യൻ എംബസ്സിക്ക് ഫാക്സ് ചെയ്യുകയും ഈ വിഷയത്തിൽ എത്രയും വേഗം നടപടി സ്വീകരിച്ച് പ്രസ്തുത വിവരം നോർക്ക വകുപ്പിനെ അറിയിക്കണമെന്ന് എംബസ്സിയോട് ആവശ്യപ്പെടുകയുമുണ്ടായി. എന്നാൽ എംബസ്സിയിൽനിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ല. ഇതുകൂടാതെ ടി പരാതിയുടെ ഒരു പകർപ്പ് 28-7-2005-ൽ കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ശ്രീ. പ്രദീപിനെ കണ്ടെത്താൻ ഊർജ്ജിതശ്രമങ്ങൾ നടത്തണമെന്ന് നോർക്ക വകുപ്പ് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്.

എങ്കക്കാട് സ്വദേശി രാജേഷ് കൊലപാതകക്കേസ് അന്വേഷണം

170 [3138] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി എങ്കക്കാട് സ്വദേശി കിഴുവേലി വാസുനായർ മകൻ രാജേഷ് കൊലചെയ്യപ്പെട്ട കേസിന്റെ അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) രാജേഷിന്റെ മൃതദേഹം കണ്ടെത്തിയ ചാലിപ്പാടത്തും പരിസര പ്രദേശങ്ങളിലും തുടർച്ചയായി മൃതദേഹങ്ങൾ കാണപ്പെടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) രാജേഷിന്റെ കൊലപാതകം സംബന്ധിച്ച് വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 398/05 യു/എസ്. 302 ഐ. പി. സി. പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം നടത്തുന്നത് വടക്കാഞ്ചേരി സർക്കിൾ ഇൻസ്പെക്ടറാണ്. അന്വേഷണവേളയിൽ മരണപ്പെട്ട രാജേഷ് ജോലി ചെയ്തിരുന്ന കിഴക്കമ്പലം കിറ്റെക്സ് കമ്പനിയിലും ടിയാൻ ജോലി സംബന്ധമായി പോയിരുന്ന കോട്ടയം ജില്ലയിലെ പൊൻകുന്നം, ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി, പാല എന്നിവിടങ്ങളിലും ഇടുക്കി ജില്ലയിലെ പെരുവന്താനത്തും മറ്റും

LIBRARY ARCHIVES Kerala Legislative Assembly